# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 5745. 27..10..2011-ൽ മറുപടിക്ക്

## സുസ്ഥിരമായ ക്ഷീരോല്പദാനം പ്രാവർത്തികമാക്കാൻ പദ്ധതി

**ചോദ്യം**

**ശ്രീ. ഡോ. എൻ. ജയരാജ്**
**ശ്രീ. റോഷി അഗസ്റ്റിൻ**
**ശ്രീ. തോമസ് ഉണ്ണിയാടൻ.**

(എ) ക്ഷീര വികസന മേഖലയ്ക്ക് നടപ്പു സാമ്പത്തിക വർഷം എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളത്; ഇനം തിരിച്ച് വ്യക്തമാക്കാമോ;

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്,**

**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ) ക്ഷീരവികസന വകുപ്പിന് നടപ്പ് സാമ്പത്തികവർഷം ആകെ 2050 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇനം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതി | : 300 ലക്ഷം |
| 2. | എം.എസ്.ഡി.പി. | : 640 ലക്ഷം |
| 3. | ആർ.ഡി.ഇ. ആന്റ് എ.എസ്. | : 175 ലക്ഷം |
| 4. | ക്ഷീരസംഘങ്ങളുടെ നവീകരണം | : 250 ലക്ഷം |
| 5. | ഗുണനിയന്ത്രണ പ്രവർത്തനങ്ങളുടെ ശാക്തീകരണം | : 10 ലക്ഷം |
| 6. | കാലിത്തീറ്റ സബ്സിഡി | : 600 ലക്ഷം മൂന്നു കോടി രൂപ കൂടി വകയിരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 7. | കേരള ക്ഷീരകർഷക ക്ഷേമനിധിക്കുള്ള ധനസഹായം | : 75 ലക്ഷം |
| | **ആകെ** | **2050 ലക്ഷം** |

(ബി) ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് ഓരോ ഇനത്തിനും എത്ര തുകയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(ബി) മുൻവർഷത്തെ അപേക്ഷിച്ച് ഓരോ ഇനത്തിലും വന്ന വർദ്ധനവ് താഴെ ചേർക്കുന്നു.

1. തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതി : ഇല്ല.
2. എം.എസ്.ഡി.പി. : 40 ലക്ഷം
3. ആർ.ഡി.ഇ. ആന്റ് എ.എസ്. : 75 ലക്ഷം
4. ക്ഷീരസംഘങ്ങളുടെ നവീകരണം : 190 ലക്ഷം
5. ഗുണനിയന്ത്രണ പ്രവർത്തനങ്ങളുടെ ശാക്തീകരണം : ഇല്ല
6. കാലിത്തീറ്റ സബ്സിഡി : 150 ലക്ഷം
7. കേരള ക്ഷീരകർഷക ക്ഷേമനിധിക്കുള്ള ധനസഹായം : 45 ലക്ഷം

(സി) സുസ്ഥിരമായ ക്ഷീരോല്പാദനം മുൻനിറുത്തി നടപ്പുസാമ്പത്തിക വർഷം പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

(സി) സുസ്ഥിരമായ ക്ഷീരോൽപാദനം ലക്ഷ്യമാക്കി വകുപ്പ് ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ഗ്രാമീണ വിജ്ഞാനവ്യാപന പ്രവർത്തനം.
2. തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതി.
3. കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി.
4. ഗുണനിയന്ത്രണ പ്രവർത്തനങ്ങളുടെ ശാക്തീകരണം.
5. മിൽക്ക്ഷെഡ് വികസന പദ്ധതി.
6. ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം.
7. കേരള ക്ഷീരകർഷക ക്ഷേമനിധിക്കുള്ള ധനസഹായം.

സെക്ഷൻ ഓഫീസർ.